(ഇ) ഉണ്ട്.

(എഫ്) ജലസേചനസൌകര്യാർത്ഥം ഈ എസ്റ്റേറ്റിൽകൂടി ഒരു പുതിയ തോടുവെട്ടിവരുന്നു.

കാരക്കോണം ഡിസ്പെൻസറി

*൪൨. (൩) ശ്രീ. എസ്സ്. കുട്ടൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽമന്ത്രി സദയം മറുപടി നല്കുമോ.—

(എ) നെയ്യാറ്റിൻകര താലൂക്കിൽ മൂന്നാം നിയോജകമണ്ഡലത്തിൽ നടന്ന ഉപതിരഞ്ഞെടുപ്പുകാലത്തു കാരക്കോണം എന്ന സ്ഥലത്തു ഒരു ഡിസ്പെൻസറി സ്ഥാപിച്ചിട്ടുണ്ടായിരുന്നോ;

(ബി) ആ ഡിസ്പെൻസറിയിൽ ഇപ്പോൾ ഡാക്ടരോ, മിഡ്വൈഫോ ഉണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

കാർഷികാദായ നികുതി

*൪൩. (൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

൧൯൫൨, ൧൯൫൩, ൧൯൫൪, ൧൯൫൫ ഈ കൊല്ലങ്ങളിൽ ചേർത്തല താലൂക്കിൽനിന്നും കാർഷികാദായ നികുതിയിനത്തിൽ ഈടാക്കിയിട്ടുള്ള തുക എത്ര വീതം?

നിയമവും, ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

൧൯൫൨, ൧൯൫൩, ൧൯൫൪ ഈ വർഷങ്ങളിൽ കാർഷികാദായ നികുതിക്കു് പ്രത്യേകമായി കണക്കുകൾ സൂക്ഷിച്ചു വന്നിരുന്നില്ല. ൧൯൫൪-ൽ ആകട്ടെ കാർഷികാദായ നികുതി ഒരു പ്രത്യേക പട്ടികയുടെ അടിസ്ഥാനത്തിലാണു് ചുമത്തപ്പെട്ടിരുന്നതെങ്കിലും, ഇതു സംബന്ധിച്ചു മുൻപുള്ള കത്തിടപാടുകളും, സംഗതങ്ങളായ റിക്കാർഡുകളും സാമ്പത്തിക സംയോജനസമയത്തു കേന്ദ്രത്തിലേക്കു മാറിയിട്ടുള്ളതിനാൽ ആവശ്യമായ വിവരങ്ങൾ നൽകുവാൻ നിവൃത്തിയില്ല.

APPENDIX

Questions and Answers laid on the table†

Number within brackets indicates the serial numbers in the lists of admitted questions for the respective days to which the questions were posted.

Questions posted for answer on 13th March 1951

EX-SERVICE MEN

*480. [2] **Sri. K. Ramachandran :** Will the Hon'ble Minister for Education Food and Labour be pleased to state the number of Ex-service personnel absorbed in Government services during 1950 and their number absorbed in private employment through the Resettlement Exchange ?

†The answers herein published are in respect of questions which were included in the lists for previous days of the session for which answers were not ready on the respective days and were furnished subsequently. Such answers together with the questions to which they relate were laid on the table of this day.

LIBRARY ARCHIVES Kerala Legislative Assembly

Minister for Education, Food and Labour (**Sri. T. K. Narayana Pillai**): Two hundred and ten Ex-servicemen have been advised from the Office of the Public Service Commission for recruitment to Government Service in 1950 and the number of Ex-servicemen absorbed in private employment through the Employment Exchange at Trivandrum and Ernakulam during 1950 is 82.

പ്രാഥമിക വിദ്യാഭ്യാസം

* ൪൫൧. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) പ്രാഥമിക വിദ്യാഭ്യാസം തിരുവിതാംകൂർ വിഭാഗത്തു ദേശവൽക്കരിക്കുവാൻ തുടങ്ങിയിട്ടു എത്രകൊല്ലമായിയെന്നു പറയാമോ;

(ബി) കൊച്ചിയിൽ പ്രാഥമിക വിദ്യാഭ്യാസം ദേശവൽക്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എതെല്ലാം താലൂക്കുകളിൽ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) നാലുകൊല്ലം കഴിഞ്ഞു.

(ബി) ഇല്ല.

(സി) മകളിൽ ബി യുടെ ഉത്തരമനുസരിച്ചു് ഈ ചോദ്യം ഉദിക്കുന്നില്ല.

പുതിയ വിദ്യാഭ്യാസ പദ്ധതി

* ൪൫൨. (൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിദ്യാഭ്യാസ പദ്ധതി അംഗീകരിച്ചു പ്രവർത്തിക്കാത്ത സ്ഥലങ്ങളിൽ പുതിയ സംഘടകം അനുവദിച്ചിട്ടുണ്ടോ;

(ബി) എവിടെയെല്ലാം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) ൧. നേമം.
൨. ഈരേഴ.
൩. നെല്ലിമുടു്.
൪. മണപ്പുള്ളി.
൫. അരുമാന്തുർ.

പ്രാഥമിക വിദ്യാഭ്യാസം

* ൪൫൩. (൬) ശ്രീ. ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ടവിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

നാളതുവരെ പ്രാഥമിക വിദ്യാഭ്യാസം ദേശവൽക്കരിക്കുന്നതു സംബന്ധിച്ചു് ഗവണ്മെണ്ടിനു എന്തു ചിലവു വന്നിട്ടുണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly